TB Movie Panel Weekly റിവ്യൂ

#moviepanel

മധുരം (SonyLiv)

Written By: Arjun Anand

മനസ്സിനെ വൈകാരികമായി ഉണർത്തുന്ന, ഒന്ന് തലോടുന്ന കലാസൃഷ്ടികൾ എന്നും പ്രേക്ഷകർ ആസ്വദിക്കുന്നത് ഹൃദയം കൊണ്ടാണ്...പ്രത്യേകിച്ച് അത്തരം സിനിമകളോട് ഒരല്പം അടുപ്പം കൂടുതൽ ഉണ്ടാവും...അവയൊക്കെയും അവന്റെ ഹൃദയത്തിൽ സൂക്ഷിച്ചു വയ്ക്കപ്പെടുകയും ചെയ്യും...അത്തരത്തിൽ കാണുന്നവന്റെ ഹൃദയത്തിലേക്ക് സുഖമുള്ള മധുരമായി അലിഞ്ഞിറങ്ങുന്ന ഒന്നാണ് ജൂണിന് ശേഷം അഹമ്മദ് കബീർ സംവിധാനം ചെയ്ത ഏറ്റവും പുതിയ ചിത്രമായ മധുരം..

ഉള്ളടക്കത്തിന്റെ കാര്യത്തിലും ആഖ്യാനശൈലിയിലും പറയത്തക്ക പുതുമ ഒന്നും അവകാശപ്പെടാൻ ഇല്ലാത്ത ചിത്രം പക്ഷെ പ്രേക്ഷകനെ വൈകാരികമായി വല്ലാതെ സ്പർശിക്കുന്നുണ്ട്...അഭിനേതാക്കളുടെ അതിമനോഹരമായ, ഹൃദയസ്പർശിയായ പ്രകടനം തന്നെ ആണ് അതിന്റെ പ്രധാന കാരണവും.. ഇടയ്ക്ക് കടന്നു വരുന്ന ശരാശരി നിലവാരത്തിൽ ഒതുങ്ങി നിൽക്കുന്ന സംഭാഷണങ്ങൾ പോലും അഭിനേതാക്കളുടെ അസാമാന്യ പ്രകടനം കൊണ്ട് മികവുറ്റതാവുന്നുണ്ട്.. സംവിധായകനൊപ്പം ഫാഹിം സഫറും ആഷിഖ് ഐമറും ചേർന്നാണ് തിരക്കഥ ഒരുക്കിയിരിക്കുന്നത്...

സാബു എന്ന വ്യക്തിയുടെ ജീവിതത്തിലൂടെ ആണ് ചിത്രം മുൻപോട്ട് പോകുന്നത്... ദീർഘനാൾ ആയി ചികിത്സയിൽ കഴിയുന്ന തന്റെ ഭാര്യയുടെ ബൈ സ്റ്റാൻഡർ ആയ സാബു ആശുപത്രിയിലെ സ്ഥിരം സാനിധ്യമാണ്.. അതുകൊണ്ട് തന്നെ ശുഭാപ്തി വിശ്വാസിയും പൊതുവെ സൗമ്യനും ആയ സാബു അവിടെ ഒരുപാട് സുഹൃത്തുക്കളെയും സമ്പാദിക്കുന്നുണ്ട്... അമ്മയുടെ ചികിത്സയ്ക്ക് ബൈസ്റ്റാൻഡേർ ആയി എത്തിയ കെവിനും ഭാര്യയുടെ ചികിത്സയ്ക്ക് ബൈസ്റ്റാൻഡേർ ആയി എത്തിയ രവിയേട്ടനും ഒക്കെ അയാൾക്ക് പ്രിയപ്പെട്ടവർ ആണ്... വലിയ വഴിതിരുവുകളോ മറ്റും ചേർക്കാൻ ശ്രമിക്കാതെ ലളിതമായി കഥ പറഞ്ഞു പോകുന്ന ചിത്രം മെല്ലെ മെല്ലെ അതിലെ ഓരോ കഥാപാത്രങ്ങളെയും അവരുടെ വികാരങ്ങളെയും പ്രേക്ഷകനിലേക്ക് ആഴത്തിൽ സന്നിവേശിപ്പിക്കുന്നുണ്ട്.. അത് കൊണ്ട് തന്നെ ആണ് അവരുടെ സന്തോഷവും വേദനയും ഒക്കെ നമ്മുടേത് എന്നപോലെ നമുക്ക് അനുഭവപ്പെടുന്നത്..സാബു ആയി ജോജുവും രവിയേട്ടൻ ആയി ഇന്ദ്രൻസും കെവിൻ ആയി അർജുൻ അശോകനും ചിത്രയായി ശ്രുതി

രാമചന്ദ്രനും അസാമാന്യ പ്രകടനം ആണ് കാഴ്ച വച്ചിരിക്കുന്നത്...എല്ലാത്തരം കഥാപാത്രങ്ങൾ തന്റെ കൈയിൽ ഭദ്രം ആണെന്ന് അർജുൻ വീണ്ടും വീണ്ടും തെളിയിച്ചുകൊണ്ട് ഇരിക്കുകയാണ്... അർജുന്റെ കഥാപാത്രത്തിനായുള്ള തിരഞ്ഞെടുപ്പ് അഭിനന്ദനീയമാണ്..പ്രത്യേകം പരാമർശിക്കപ്പെടേണ്ടുന്ന,പ്രേക്ഷകന് ഒരു പ്രത്യേക ഇഷ്ടം തോന്നുന്ന മറ്റൊരു കഥാപാത്രവും പ്രകടനവും ആണ് ജാഫർ ഇടുക്കിയുടെ കുഞ്ഞിക്ക...

ചിത്രം പ്രേക്ഷകമനസ്സിനെ കൊണ്ടെത്തിക്കാൻ ശ്രമിക്കുന്ന ആ ഒരു വൈകാരിക തലത്തിലേക്ക് മെലോ ഡ്രാമയുടെ അതിപ്രസരം ഇല്ലാതെ അനായാസം എത്തിക്കാൻ സഹായകം ആകുന്നുണ്ട് ഹെഷാമിന്റെ സംഗീതത്തിന്.. ജിതിൻ സ്റ്റാനിസ്ലാസ്സ് ആണ് ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത്...

മധുരത്തിന്റെ ട്രൈലെറിൽ നിന്നു തന്നെ മനസ്സിലാക്കാവുന്നതേ ഉള്ളൂ എത്രത്തോളം പോസിറ്റിവിറ്റി ആണ് ആ ചിത്രം പ്രേക്ഷകനിലേക്ക് പകരുവാൻ ശ്രമിക്കുന്നത് എന്ന്... ചിത്രം അതിൽ വിജയിച്ചു എന്നുള്ളതിന്റെ തെളിവ് ആണ് കണ്ടു തീരുമ്പോൾ നമ്മുടെ കുടുംബത്തെ ഒന്ന് മുറുകെ ചേർത്തു പിടിക്കാൻ നമ്മുടെ മനസ്സ് വെമ്പുന്നത്.. "മിന്നലടിച്ച" ആവേശത്തിന്റെയും ആഘോഷത്തിന്റെയും ഒക്കെ ഇടയിൽ തീർച്ചയായും എല്ലാവരും ഈ "മധുരവും " നുണയണം... സോണി ലൈവിൽ ചിത്രം ലഭ്യമാണ്..